



# അവർ മറ്റൊരു വഴിയിലൂടെ സ്വദേശത്തേക്ക് പോയി

(മത്തായി 2:12)

## വിചിന്തനം

ജനുവരി 2023

ശിശുവായ യേശുവിനെ ജ്ഞാനികൾ സന്ദർശിക്കുന്നതോടെയാണ് ക്രിസ്മസ് കാലം അവസാനിക്കുന്നത്. മത്തായിയുടെ സുവിശേഷത്തിലാണ് ഈ സന്ദർശനം വിവരിക്കുന്നത്. (മത്താ 2,1 -12). യഹൂദന്മാരുടെ രാജാവിനെ ആരാധിക്കാൻ കിഴക്കുനിന്ന് 'നക്ഷത്രം' കാട്ടിയ വഴിയേ അവർ ബേത്‌ലഹേമിലെത്തുന്നു.
പുതുവർഷത്തിൽ നമുക്കു വഴികാട്ടിയാകേണ്ട ഒരു താരകമായാണ് ഈ വചനഭാഗത്തെ ഞാൻ കാണുന്നത്.

യേശുവിനെ കണ്ടുമുട്ടിയ ജ്ഞാനികളുടെ ജീവിതത്തിന് 'ഒരു പുതിയ ചക്രവാളവും ദിശയും' കൈവരികയാണ്. (Deus Caritas Est # 1 ). വന്ന വഴി അവർ ഉപേക്ഷിക്കുന്നു. മാലാഖയുടെ നിർദ്ദേശമനുസരിച്ച് വ്യത്യസ്തമായൊരു വഴിയിലൂടെയാണ് അവരുടെ മടക്കം. യഥാർഥത്തിൽ ക്രിസ്തുവിനെ ഹൃദയത്തിൽ കണ്ടെത്തുന്ന ഒരാൾ പുതിയ വഴിയിലൂടെയാണ് തന്റെ യാത്ര തുടരേണ്ടതെന്ന് ഓർമപ്പെടുത്തുന്നതാണ് ഈ സംഭവം. 'പഴയതു കടന്നുപോയി, ഇതാ പുതിയത് വന്നുകഴിഞ്ഞു.'
(2 കോറി 5, 17).

'ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ടു'. ജ്ഞാനികളെ ബേത്‌ലഹേമിലേക്കുള്ള യാത്രയ്ക്കു പ്രേരിപ്പിച്ച ദൈവിക ഇടപെടലിന്റെ പ്രതീകമാണ് ഇവിടെ 'നക്ഷത്രം'. കടന്നുപോകുന്ന വർഷത്തിൽ ചിലപ്പോഴെല്ലാം 'നക്ഷത്രം' നഷ്ടപ്പെട്ടതിന്റെ വേദന നാം അനുഭവിക്കുന്നുണ്ടാകാം. ദൈവം നമുക്കായി തീരുമാനിച്ച ജീവിതവഴിയിൽനിന്ന് അകന്നുപോയ സന്ദർഭങ്ങളുണ്ടാകാം. ദൈവത്തിന്റെ വഴിയിൽ തിരികെയെത്താനുള്ള ഒരു പുതിയ 'സാധ്യത' ആണ് 2023 കരുതിവയ്ക്കുന്ന വിലപ്പെട്ട സൗഭാഗ്യം. ഈ പുതിയവഴിയിൽനിന്ന് വ്യതിചലിക്കാതിരിക്കുക എന്നതാണ് പുതുവർഷത്തിലെ യാത്രയുടെ വെല്ലുവിളി. ഓരോദിവസവും നമ്മുടെ 'കണ്ടുമുട്ടൽ' അനുഭവം പുതുക്കുകയെന്നതുമാത്രമാണ് ഈ വഴിയേ തന്നെ യാത്ര തുടരാനുള്ള ഏകമാർഗം.

'ഗ്ലോറിയ' ഗാനം ആലപിച്ചുകൊണ്ടാണ് മാലാഖമാർ യേശുവിന്റെ ജനനം അറിയിച്ചത്. മാലാഖമാരെ കാണുകയും 'ഗ്ലോറിയ'യുടെ സ്തുതിഗീതം കേൾക്കുകയും ചെയ്ത് 'നാം അവനെ ആരാധിക്കാൻ വന്നിരിക്കുന്നു'. പുതിയ വഴിയിലെ യാത്രയിലുടനീളം നാം ഈ 'ഗ്ലോറിയ' ഗീതങ്ങൾ തുടരേണ്ടതാണ്. ജീവിതത്തിന്റെ വെല്ലുവിളികളിലും ആശയക്കുഴപ്പങ്ങളിലുമെല്ലാം ഈ സ്തുതിഗീതം സന്തോഷവും ഉൻമേഷവും നിറയ്ക്കും. അതുതന്നെയാണ് ഈ പുതിയ വഴി തിരഞ്ഞെടുത്തവർക്കുള്ള സൗഭാഗ്യവും.

യേശുവിന്റെ ജനനത്തെക്കുറിച്ച് ജ്ഞാനികളിൽ നിന്നു കേട്ടപ്പോൾ ഹേറോദേസ് രാജാവ് 'അസ്വസ്ഥനായി.' തീർത്തും അരക്ഷിതാവസ്ഥയിലുള്ള ഒരു രാജാവെന്ന നിലയിൽ, തന്റെ ഭരണത്തിനു ഭീഷണിയുയർത്തുന്ന ആരെങ്കിലുമുണ്ടോ എന്ന് അയാൾ എപ്പോഴും അന്വേഷിച്ചുകൊണ്ടേയിരുന്നു. കൗശലപൂർവ്വം ജ്ഞാനികളിൽനിന്ന് വിവരം ചോർത്തിയെടുക്കുകയായിരുന്നു അയാളുടെ ആദ്യതന്ത്രം. അതു പരാജയപ്പെട്ടപ്പോൾ നിരപരാധികളായ കുഞ്ഞുങ്ങളെ കൊല്ലുകയെന്ന അതിക്രൂരമായ നടപടിയിലേക്കു

പോകാനും ഹേറോദേസ് മടികാണിക്കുന്നില്ല. ഈ പുതിയ വഴിയിലൂടെ നടക്കുമ്പോൾ നമ്മുടെ ഉള്ളിൽ ചില 'ഹേറോദേസുമാർ' ഉണ്ടെന്നും നമുക്ക് കണ്ടെത്താനാകും. യേശുവിന്റെ ഭരണത്തിന് മുൻഗണന നൽകാത്ത മേഖലകൾ നമ്മുടെ ജീവിതത്തിൽ ഉണ്ടോ? തിരുവെഴുത്തുകളിലെ ചില കൽപനകൾ നമ്മെ അസ്വസ്ഥരാക്കുന്നുണ്ടോ? എന്നാൽ ഈ 'അസ്വസ്ഥതകൾ' തന്നെ നമ്മുടെ ജീവിതത്തെ യേശുവിലേക്ക് നയിക്കുന്ന നക്ഷത്രങ്ങളാക്കി മാറ്റാനുള്ള സാധ്യതയുമുണ്ട്. എന്തെന്നാൽ മാനസാന്തരത്തിൽ വളരേണ്ട മേഖലകൾ അത് നമുക്ക് കാണിച്ചുതരുന്നു. ഹേറോദേസിന് തന്റെ ഉള്ളിലെ അസ്വസ്ഥതയെ ധ്യാനിച്ച് തന്റെ ഹൃദയത്തിന്റെ തെറ്റായ ഉദ്ദേശ്യങ്ങൾ തിരിച്ചറിയാമായിരുന്നു. പക്ഷേ, അവൻ അത് ചെയ്തില്ല. എന്നാൽ നമ്മിലെ അസ്വസ്ഥതകൾ തിരിച്ചറിയാനും മാനസാന്തരത്തിലൂടെ വലിയ ആനന്ദത്തിലേക്ക് പ്രവേശിക്കാനായി അവ ഉപയോഗിക്കാനും പുതിയ വഴി നമ്മെ ആഹ്വാനം ചെയ്യുന്നു.

'അവർ നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും, കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു'. ഈ മൂന്ന് സമ്മാനങ്ങൾ ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെയും ദൗത്യത്തിന്റെയും മൂന്ന് പ്രധാനവശങ്ങളെയാണ് പ്രതീകവൽക്കരിക്കുന്നത്. സ്വർണം യേശുവിന്റെ രാജത്വത്തിലേക്കും, കുന്തുരുക്കം അവന്റെ ദൈവത്വത്തിലേക്കും, മീറ അവന്റെ മനുഷ്യത്വത്തിലേക്കും വിരൽ ചൂണ്ടുന്നു. നമ്മുടെ ആരോഗ്യം, സമ്പത്ത്, സമയം, കഴിവുകൾ എന്നിവയാണ് യേശുവിന് സമർപ്പിക്കാനുള്ള സമ്മാനങ്ങൾ. നിങ്ങൾക്ക് ഉള്ളവ ദൈവത്തിൽ നിന്നുള്ള ഒരു സമ്മാനമാണ്. നിങ്ങൾ ആയിത്തീരുന്നതോ ദൈവത്തിനുള്ള 'പ്രതിസമ്മാനവും'. നമ്മുടെ നിധിപേടകങ്ങൾ തുറക്കാനും നമ്മുടെ കർത്താവിന്റെ ദൗത്യത്തിനും ശുശ്രൂഷയ്ക്കും സ്വയം സമർപ്പിക്കാനുമുള്ള ഒരു പുതിയ അവസരമാണ് പുതുവർഷം. കാരണം, അവൻ നമുക്ക് കാണിച്ചുതരുന്ന പുതിയ വഴി മഹാമനസ്കതയുടെയും ഉദാരതയുടെയുമാണ്.

'അവർ മറ്റൊരു വഴിയിലൂടെ സ്വദേശത്തേക്കു പോയി.' മറ്റൊരു വഴിയിലൂടെ നാട്ടിലേക്ക് മടങ്ങുന്നതിന്റെ സന്തോഷകരമായ കുറിപ്പിലാണ് ജ്ഞാനികളുടെ സന്ദർശനം അവസാനിക്കുന്നത്. ഈ പുതിയ വഴിയിലൂടെ മാത്രമേ നമ്മുടെ നിത്യമായ സ്വർഗീയ ഭവനത്തിലേക്കു മടങ്ങാൻ കഴിയൂ. അതുകൊണ്ട്, നമ്മുടെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരോടൊപ്പം, കർത്താവായ യേശുവിൽ ഈ പുതിയ വഴിയേ സന്തോഷത്തോടെ നടക്കാനുള്ള തീരുമാനത്തെ നമുക്ക് പുതുക്കാം. ഈ വഴിയിൽ വിരിയുന്ന നമ്മുടെ പുഞ്ചിരികളും, ആനന്ദവും മറ്റുള്ളവരെ യേശുവിലേക്ക് ആകർഷിക്കുവാൻ പോന്നവയാകട്ടെ. അങ്ങനെ നിത്യാനുഗ്രഹത്തിലേക്ക് നയിക്കുന്ന പുതിയ വഴി അവരും കണ്ടെത്താനിടയാകട്ടെ.

---

ബിഷപ്പ് റാഫേൽ തട്ടിൽ
സഭാത്മക ഉപദേഷ്ടാവ്,
ജീസസ് യൂത്ത് അന്താരാഷ്ട്ര കൗൺസിൽ